## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.8182** **17-07-2014 - ൽ മറുപടിയ്ക്ക്**

### പുന്നക്കാമുഗൾ വാർഡിലെ കൊട്ടൂർകോണം കുളത്തിന്റെ നവീകരണം

**ചോദ്യം**

ശ്രീ.വി.ശിവൻകുട്ടി:

(എ) നേമം നിയോജകമണ്ഡലത്തിലെ പുന്നക്കാമുഗൾ വാർഡിലെ കൊട്ടൂർകോണം കുളത്തിന്റെ നവീകരണ ശുചീകരണ പ്രവൃത്തി ഏറ്റെടുത്ത് ആരംഭിച്ചത് എന്നാണ് എന്നറിയിക്കുമോ;

(ബി) പ്രസ്തുത കുളം നവീകരിച്ച് ശുചീകരിക്കുന്നതിന് കരാറുകാരന് അനുവദിച്ച കാലാവധി എത്രയാണെന്നും ആയത് എന്നുമുതൽ എന്നുവരെ ആണെന്നും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പ്രവൃത്തി പൂർത്തിയായിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്നും ആയത് എന്നത്തേക്കു പൂർത്തിയാവും എന്നും വിശദമാക്കുമോ ?

**മറുപടി**

**ശ്രീ. പി.ജെ.ജോസഫ്**

**(ജലവിഭവ വകുപ്പ് മന്ത്രി)**

(എ) 29-03-2012-ലാണ് നേമം നിയോജകമണ്ഡലത്തിലെ പുന്നക്കാമുഗൾ വാർഡിലെ കോട്ടൂർകോണം കുളത്തിന്റെ നവീകരണ ശുചീകരണ പ്രവൃത്തി ഏറ്റെടുത്ത് ആരംഭിച്ചത്.

(ബി) പ്രസ്തുത പ്രവൃത്തിക്ക് 5 മാസം കാലാവധിയാണ് അനുവദിച്ചത്. കരാറുകാരന് സ്ഥലം കൈമാറ്റം ചെയ്ത് 07-04-2012 മുതൽ 06-09-2012 വരെയാണ് കാലാവധി അനുവദിച്ചത്.

(സി) പ്രസ്തുത പ്രവൃത്തി താഴെ പറയുന്ന കാരണങ്ങളാൽ പൂർത്തീകരിച്ചിട്ടില്ല:

കുളത്തിന്റെ വശങ്ങളിൽ കോർപ്പറേഷന്റെ സഹായത്താൽ നിർമ്മിച്ചു നൽകിയ വീടുകളിലെ സെപ്റ്റിക് ടാങ്കുകളിൽ നിന്നുള്ള മാലിന്യങ്ങൾ കുളത്തിലേക്ക് നേരിട്ട് തുറന്ന് വച്ചതായി കാണപ്പെട്ടിട്ടുണ്ട്. പ്രസ്തുത അവസ്ഥയിൽ മാറ്റം വന്നാൽ മാത്രമേ കുളത്തിന്റെ നവീകരണം നടത്തുന്നതു കൊണ്ട് പ്രയോജനമുള്ളു. ഇതിനാൽ സെപ്റ്റിക് ടാങ്കുകൾക്ക് പകരം കേരളാ വാട്ടർ അതോറിറ്റിയുടെ സ്വീവേജ് ലൈൻ സ്ഥാപിച്ച് ടോയ്ലെറ്റുകൾ അതിൽ ഘടിപ്പിക്കാനുള്ള പദ്ധതി ഏറ്റെടുക്കുക യും കേരളാ വാട്ടർ അതോറിറ്റി അത് പൂർത്തീകരിക്കുകയും ചെയ്തു. നിലവിലുള്ള ടോയ്ലെറ്റുകൾ മെയിൻ ലൈനിനേക്കാൾ താഴ്ന്ന നിലയിൽ സ്ഥിതി ചെയ്യുന്നതിനാൽ ഇപ്പോഴത്തെ നിലയ്ക്ക് ഇതിന്റെ കണക്ഷനുകൾ

നൽകാൻ സാദ്ധ്യമല്ലാത്ത സ്ഥിതിയിലാണ്. അതിനാൽ ടോയ്‌ലെറ്റുകൾ ഉയർത്തി പണിത് അതിന്റെ ഔട്ട്‌ലെറ്റ് മെയിൻ ലൈനിൽ ഘടിപ്പിച്ചാൽ മാത്രമേ ഇത് ഉപയുക്തമാകുകയുള്ളൂ. ഈ ടോയ്‌ലെറ്റുകൾ സ്വയം പുതുക്കി പണിയാൻ സാദ്ധ്യമല്ല എന്ന് വീട്ടുകാർ അറിയിച്ചതിനാൽ പ്രസ്തുത സ്ഥിതി തുടരുകയാണ്. ഈ അവസ്ഥയിൽ തുടർ നവീകരണം പ്രയോജനരഹിതമാണ് എന്ന് കണ്ടതിനാലും കരാർ കാലാവധി കഴിഞ്ഞതിനാലും കരാറുകാരൻ ആവശ്യപ്പെട്ടതിനാലും കരാറുകാരന്റേതല്ലാത്ത കാരണങ്ങളാൽ പണി മുന്നോട്ട് പോകാൻ സാധിക്കാത്തതി നാലും പ്രസ്തുത പണി ഫോർക്ലോസ് ചെയ്ത് കരാറുകാരനെ വിടുതൽ ചെയ്തിട്ടുണ്ട്. മുൻ പ്രസ്താവിച്ച വിധത്തിൽ ടോയ്‌ലെറ്റുകളുടെ കണക്ഷൻ മാറ്റി നൽകിയതിനുശേഷം വീണ്ടും എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി ലഭ്യമാക്കി പ്രവൃത്തി ഏറ്റെടുത്താൽ മാത്രമേ കുളം നവീകരണം സാദ്ധ്യമാവുകയുള്ളു.

**സെക്ഷൻ ഓഫീസർ.**